പൂർത്തിയാക്കിയിട്ടുണ്ട്. ഈ ഗ്രാമങ്ങളിലെ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന പദ്ധതികൾ നടത്തുവാനുള്ള ഉത്തരവാദിത്വം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ ഇതിൽ നടപടി കൈക്കൊള്ളേണ്ടത് പ്രസ്തുത വകുപ്പാണ്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

വൈദ്യുതി ബോർഡിന്റെ വികസന പദ്ധതികൾക്ക് എ.ഡി.ബി. ധനസഹായം

1 [5316] ശ്രീ. എ. കെ. മണി:
„ എൻ. ഡി. അപ്പച്ചൻ:
„ ജി. പ്രതാപവർമ്മ തമ്പാൻ:
„ പി. ടി. തോമസ്:
„ പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ വികസന പദ്ധതികൾക്ക് എ.ഡി.ബി. ധനസഹായം ലഭിക്കുമോ;

(ബി) എങ്കിൽ എന്തു തുക കിട്ടും; ഈ തുക ഉപയോഗിച്ച് എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതികൾ തെരഞ്ഞെടുത്തത് ആരാണ്;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതോടുകൂടി വൈദ്യുതി ബോർഡിന്റെ നഷ്ടം തുടച്ചുനീക്കുവാൻ കഴിയുമോ?

ഉത്തരം

(എ) എ.ഡി.ബി. 2000-ത്തിലും 2001-ലും നടത്തിയ കൺട്രി പ്രോഗ്രാമിംഗ് മിഷനിൽ കേരളത്തിന്റെ വൈദ്യുതി പദ്ധതികൾക്ക് 2003-ൽ വായ്പ നൽകാമെന്ന് കേന്ദ്ര സർക്കാരിനോട് സമ്മതിച്ചിട്ടുണ്ട്.

(ബി, സി) വായ്പയുടെ തുകയും അതിലേക്കുള്ള പദ്ധതികളുടെയും വിശദാംശങ്ങൾ പഠിക്കുന്നതിന് എ.ഡി.ബി. അവരുടെ കൺസൾട്ടന്റായി ക്രിസിൽ ആന്റ് നെക്സന്റിനെ നിയോഗിച്ചിട്ടുണ്ട്. അവർ നടത്തിയ പഠന റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) ഇല്ല.

ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഏകീകരണം

2 [5324] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയാടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് ഏകീകരിക്കുന്നത് സംബന്ധിച്ച ഏതെങ്കിലും നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏറ്റവും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്ന സംസ്ഥാനം ഏതാണ്;

(സി) ഏറ്റവും കൂടിയ നിരക്കിന് വൈദ്യുതി നൽകുന്ന സംസ്ഥാനം ഏതാണ്;

LIBRARY ARCHIVES Kerala Legislative Assembly